# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2208 **17.02.2016** ൽ മറുപടിയ്ക്ക്

## പുരയിടത്തിനു സമീപത്തെ മണ്ണിടിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | തിരുവനന്തപുരം ജില്ലയിലെ ചെറുവയ്ക്കൽ വില്ലേജിൽ കട്ടേല ഭാഗത്ത് ഹോളി ട്രിനിറ്റി സ്കൂളിനു സമീപം ശ്രീ. രാമചന്ദ്രൻ നായരുടെ പുരയിടത്തിനു ദോഷകരമായ രീതിയിൽ മണ്ണിടിച്ച് നീക്കം ചെയ്യുന്നതു സംബന്ധിച്ച പരാതിയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ചെറുവയ്ക്കൽ വില്ലേജിൽ കട്ടേല ഭാഗത്ത് ഹോളി ട്രിനിറ്റി സ്കൂളിനു സമീപത്തായി ശ്രീ. രാമചന്ദ്രൻ നായർ എന്ന വ്യക്തിയുടെ പുരയിടത്തിനു ദോഷകരമായ രീതിയിൽ ശ്രീ. സെൽവരാജ് (S/o തമ്പിനാടാർ, രാലൂർകോണത്ത് തടത്തരികത്ത് വീട്, ശാസ്തമംഗലം, ചെറുവയ്ക്കൽ) എന്നയാൾ മണ്ണ് നീക്കം ചെയ്യുന്നതായുള്ള പരാതി 21.12.2015 തീയതി ലഭിച്ചതനുസരിച്ച് 22.12.2015 തീയതി തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും പരാതിക്കാസ്പദമായ സ്ഥലം പരിശോധിച്ചു. പരിശോധനയിൽ പരാതി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ മണ്ണ് നീക്കം ചെയ്യൽ ഉടനടി നിർത്തിവെയ്ക്കുന്നതിന് ശ്രീ.സെൽവരാജിന് നോട്ടീസ് നൽകി. കൂടാതെ പ്രസ്തുത സ്ഥലത്തെ മണ്ണെടുപ്പ് ഉടനടി നിർത്തി വെയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് ശ്രീകാര്യം പോലീസ് സബ് ഇൻസ്പെക്ടർക്കും ചെറുവയ്ക്കൽ വില്ലേജ് ഓഫീസർക്കും തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ് അറിയിപ്പ് നൽകി. |
| (ബി) | പ്രസ്തുത പരാതിയിന്മേൽ ജില്ലാ ജിയോളജിസ്റ്റ് സ്വീകരിച്ചിരിക്കുന്ന തുടർനടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സ്ഥലത്തു നിന്നും മണ്ണ് പുറത്തു കൊണ്ടു പോയിട്ടില്ലാത്തതിനാൽ എതിർകക്ഷിയായ ശ്രീ.സെൽവരാജിൽ നിന്നും പിഴ തുക ഈടാക്കിയിട്ടില്ല എന്നും പ്രസ്തുത സ്ഥലത്തുനിന്നും എതിർകക്ഷി നിരോധന ഉത്തരവ് ലംഘിച്ച് മണ്ണിടിക്കുന്ന പക്ഷം നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**